# സെന്റ് മൈക്കിൾസ് എച്ച് എസ് കാവിൽ

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025 - 2026



| | | |
|---|---|---|
| വിദ്യാലയത്തിന്‍്റെ പേര് | : | സെന്‍്റ് മൈക്കിള്‍സ് എച്ച് എസ്, കാവില്‍ |
| **പ്രധാന അധ്യാപകന്‍** | : | **ശ്രീമതി. ബീന തോമസ്** |
| **സ്കൂള്‍ കോഡ്** | : | **34030** |
| **UDISE കോഡ്** | : | **32110401204** |
| **വിദ്യാഭ്യാസ ജില്ല** | : | **ചേര്‍ത്തല** |
| **സബ് ജില്ല** | : | □□□□□□□□ |
| **റവന്യൂ ജില്ല** | : | **ആലപ്പുഴ** |
| **ഈമെയില്‍ അഡ്രസ്** | : | **34030alappuzha@gmail.com** |
| **ഫോണ്‍ നമ്പര്‍** | : | **9447761102 (H M)** |
| **മാനേജ്മെന്‍റ്** | : | **എയ് ഡഡ്** |
| **ക്ലാസ്സുകള്‍** | : | **1 മുതല്‍ 10 വരെ** |

## അക്കാദമിക മികവ് ലക്ഷ്യമാക്കുന്ന പ്രവര്‍ത്തനങ്ങള്‍

- ഭാഷാശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമാക്കൽ
- വായനശേഷി വികസിപ്പിക്കൽ
- ശാസ്ത്ര പോഷണപരിപാടി
- ലബോറട്ടറി നവീകരണം
- IT ലാബ് ശാക്തീകരണം
- സ്കോളർഷിപ്പ് പരിശീലനം (USS, NMMS)
- പത്രവായന പരിപോഷണം
- അദ്ധ്യാപക ശാക്തീകരണം - എസ് ആർ ജി തലം
- കലാപരിപോഷണം
- കായിക പരിശീലനം മെച്ചപ്പെടുത്തൽ - ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, കബഡി, ക്രിക്കറ്റ്, അത് ലറ്റിക്സ്
- ഭിന്നശേഷി സൗഹൃദ പഠനം കാര്യക്ഷമമാക്കൽ
- പോഷകാഹാര പദ്ധതി
- ഭവന സന്ദർശനത്തിലൂടെ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കൽ
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ സജീവ പങ്കാളിത്തം
- എസ് എസ് എൽ സി നൂറുശതമാനം വിജയം

# ആമുഖം

പ്രഗത്ഭരും പ്രശസ്തരുമായ നിരവധി വ്യക്തിത്വങ്ങൾക്ക് ജന്മം നൽകി □□□□□ □□□□□□□□ □□□□□□□□ □□□□□□ □□□□□□□□□ കാവിൽ സെൻ്റ് മൈക്കിൾ □□ ഹൈസ്കൂൾ അക്കാദമിക കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചു വരുന്നു. 1 മുതൽ 10 വരെ ക്ലാസുകളിലായി 506 കുട്ടികൾ വിദ്യാലയത്തിൽ അധ്യയനം നടത്തുന്നു .പ്രഥമ അധ്യാപിക ഉൾപ്പെടെ 23 അധ്യാപകരും നാല് അനധ്യാപകരും വിദ്യാലയത്തിൽ സേവന സന്നദ്ധതയോടെ പ്രവർത്തിക്കുന്നു. സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് വിദ്യാർത്ഥികളുടെ ബഹുമുഖ വ്യക്തിത്വ വികസനം ലക്ഷ്യമാക്കിയുള്ള കർമ്മ പദ്ധതികൾ വിദ്യാലയത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

കുട്ടികളുടെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുവാൻ ഉതകുന്ന സയൻസ്, ഐ ടി ലാബുകൾ, ലൈബ്രറി, വായനമുറി, സ്മാർട്ട് ക്ലാസ്സ് മുറികൾ, ആർട്ട് ക്ലാസ്സ്, എന്നിവ വിദ്യാലയത്തെ മികവുറ്റതാക്കുന്നു.

ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം കുട്ടികളുടെ വ്യക്തിപരവും അക്കാദമികവുമായ മികവിനെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു

കലാകായിക രംഗങ്ങളിൽ മികച്ച പരിശീലനം നൽകുന്നതോടൊപ്പം ഫുട്ബോളിലും ക്രിക്കറ്റിലും അത് ലറ്റിക്സിലും പെൺകുട്ടികൾക്ക് ബാസ്കറ്റ് ബോൾ, കബഡി എന്നിവയിലും പ്രത്യേക പരിശീലനവും സ്കോളർഷിപ്പും നൽകുന്നുണ്ട്.

സബ്ജില്ല, ജില്ലാതലങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് മികവുറ്റ പ്രകടനത്തിന് പ്രാപ്തരാക്കുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സുഗമമായ അക്കാദമിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തുന്നു. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ സഹകരണത്തോടെ സാമ്പത്തീകമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നു

പോഷകസമൃദ്ധമായ ഉച്ചഭക്ഷണ പദ്ധതി ഉറപ്പുവരുത്തുന്നുണ്ട്.

സേവന സന്നദ്ധതയോടെ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് വിദ്യാലയത്തിലെ സമസ്ത പ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവസാന്നിധ്യം വഹിക്കുന്നു. സംഘടനാപ്രവർത്തനത്തിൻ്റെ ഭാഗമായി വർഷത്തിലൊരിക്കൽ പാലിയേറ്റീവ് കെയർ യൂണിറ്റ്, വൃദ്ധമന്ദിരം , അന്ധവിദ്യാലയം എന്നിവ സന്ദർശിച്ച് സമാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

നിരന്തര മൂല്യനിർണയത്തിൻ്റേ യും പരീക്ഷകളുടെയും അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. പ്രഥമ അധ്യാപിക ശരിയായ രീതിയിൽ മോണിറ്ററിംഗ് നടത്തി റിപ്പോർട്ടുകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നു. രണ്ടാഴ്ചയിൽ ഒരിക്കൽ സബ്ജക്ട് കൗൺസിൽ, എസ് ആർ ജി ഇവ കൂടി റിപ്പോർട്ട് തയ്യാറാക്കുന്നു. SSLC വിദ്യാർത്ഥികൾക്ക് ജൂൺ ആദ്യവാരം മുതൽ അധിക ക്ലാസ്സുകൾ നൽകുന്നു.

ക്ലാസ് അധ്യാപകൻ ക്ലാസിലെ കുട്ടികളെ വ്യക്തിഗതമായി മനസ്സിലാക്കി "എൻറെ കുട്ടി " എന്ന ഡയറി എഴുതി സൂക്ഷിക്കുന്നു. ഭവന സന്ദർശനം നടത്തി വിദ്യാർത്ഥികളുടെ ജീവിതസാഹചര്യം നേരിട്ട് മനസ്സിലാക്കി പ്രത്യേക പരിഗണന നൽകുന്നു.

ഭാഷാ വിഷയങ്ങൾക്കും ഗണിതത്തിനും പ്രത്യേക പരിശീലനം നൽകുന്നതിനായി

മലയാളത്തിളക്കം, സുരീലി ഹിന്ദി, ഹലോ ഇംഗ്ലീഷ്, ഗണിതം മധുരം എന്നീ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ശ്രദ്ധാ പദ്ധതിയും അധ്യയന വർഷാരംഭം മുതൽ തന്നെ കാര്യക്ഷമമായി നടത്തി വരുന്നു

ദിനാചരണാഘോഷം സമുചിതമായി നടത്തുകയും ക്ലാസ് തല പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുന്നു. വർഷാന്ത്യത്തിൽ മികവുത്സവം ഭംഗിയായി നടത്തുവാൻ സാധിച്ചിട്ടുണ്ട്. സന്മാർഗ്ഗക്ലാസുകളിലൂടെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. മികവിന്റെ അടിസ്ഥാനത്തിൽ വിവിധ സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. USS , NMMS സ്കോളർഷിപ്പ് പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു.

IT രംഗത്ത് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാൻ ലിറ്റിൽ കൈറ്റ്സിൻ്റെ നേതൃത്വത്തിൽ അവധിക്കാലത്ത് പ്രത്യേക പരിശീലനം നൽകുന്നു. കുട്ടികളുടെ സവിശേഷമായ കഴിവുകൾ കണ്ടെത്തി അതിനെ സ്ഫുടംചെയ്തു അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തന പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു കുട്ടികളുടെ പരിമിതികളും തിരിച്ചറിഞ്ഞ് പഠന മുന്നേറ്റത്തിന് അനുഗുണമായ വിധത്തിൽ ഇടവേളകളിലും സായാഹ്ന വേളകളിലും പ്രത്യേക പരിശീലനം നൽകുന്നു.

ആർട്സ് ക്ലബ്ബിൻറെ നേതൃത്വത്തിൽ ചിത്രകലാക്യാമ്പ് , സിനിമാ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ, കേരളീയ കലകൾ എന്നിവയുമായി ബന്ധപ്പെട്ട് ശില്പശാലകൾ , ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു .കളരി പരിശീലനവും ഈ അധ്യയന വർഷത്തെ പ്രവർത്തന പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു

## പ്രവർത്തന പദ്ധതികൾ

എൽ പി മലയാളം

| പ്രവർത്തനം: 1<br>പേര് : പുസ്തകം എൻറെ ചങ്ങാതി<br>ഉപമേഘല : വായന | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□□□ □□□□□□□ |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്കു മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

| പ്രവർത്തനം: 2<br>പേര് : എൻറെ പിറാന്നാൾ പുസ്തകം<br>ഉപമേഘല : വായന | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□□ □ □□□□□□□ |
| മികച്ച വായന ശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | □□□ □□□□ □□□□□□□□ □□□ | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം: 4

പേര് : അക്ഷരക്കൂട്ടം (വായനാ കോർണർ)

ഉപമേഘല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□□□ □ □□□□□□□ |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാകോർണർ ഒരുക്കുന്നു. | □□□ □□□□ □□□□□□□ □□□ | സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |
| റീഡേഴ്സ് തീയറ്റർ | ക്ലാസ് റൂം പ്രക്രയകളിൽ ഇതിൻറെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 5

പേര് : സ്കൂൾ ലൈബ്രറി

ഉപമേഘല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□ |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ ലൈബ്രറിയനേ നിയമിക്കൽ | □□□ □□□□ □□□□□□□ □□□ | പി.ടി.എ | 5000 |

# ഇംഗ്ലീഷ്

പ്രവർത്തനം: 1

പേര്　　　　: ഇംഗ്ലീഷ് അസംബ്ലി

ഉപമേഘല　: പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□□ |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരങ്ങൾ നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ  അസംബ്ലിയുടെ മുഴുവൻ പരിപാടികളും  ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | □□□□□□□ □□□ □□□□□ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 2

പേര്　　　　: ഇംഗ്ലീഷ് ഡയറി (3,4 ക്ലാസ്സുകളിൽ)

ഉപമേഘല　: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□□ |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | □□□□□□□ □□□ □□□□□ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ)

ഉപമേഘല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□ |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>□□□ - □□□□□□□□□<br>□□□□ - □□□□□□□<br>□□□□□□ – □□□□□□□□□□□□□□□□□<br>□□□□□□□□□ - □□□<br>□□□□□□□□ - □□□□□□<br>□□□□□ - □□□□□<br>□□□□□□ - □□□□□□□□□□□□<br>□□□□□□ – □□□□ □□□ | □□□ □□□□□□ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 4

പേര് : Reading Card Work Shop

ഉപമേഘല : വായന സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□ |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | □□□ | ഇംഗ്ലീഷ് ക്ലബ് | 1000 |

പ്രവർത്തനം: 5

പേര് : Work Sheet, Work Shop

ഉപമേഘല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□ □□□□□ □□□□□□□ |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | □□□□ | എസ്.ആർ.ജി | 4000 |

# ഗണിതം

പ്രവർത്തനം: 1

പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല

ഉപമേഘല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□ □□□□□ □□□□□□□ |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാകുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | □□□ □□□□□□□□□□□ □□□□□□□□□□□□ | SSG | 4000 |

പ്രവർത്തനം: 2

പേര്                : ഗണിത ലാബ് (ഗണിത മധുരം)

ഉപമേഘല    :  ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□□ |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻകുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | SSG | 4000 |

പ്രവർത്തനം: 3

പേര്                : ഗണിത മൂല

ഉപമേഘല    :  ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□□ |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻകുട്ടികൾക്കും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ( മഞ്ചാടി,കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | □□□ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം: 4

പേര്  : യൂണിറ്റ് വിലയിരുത്തൽ

ഉപമേഘല  :  യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□ |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്ക പരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിൻറെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | □□□ □□□□ □□□□□□□ □□□ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 5

പേര്  : ഗണിതക്ലാസ് പി. ടി.എ.

ഉപമേഘല  :  സി.പി.ടി.എ  ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□ □□□ □□□□□□□ |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നില്ക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാ□□□□□□□ൾ, ശില്പശാലകൾ | □□□ □□□□□□□ | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം: 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല

ഉപമേഘല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□□□□ □□□□□□□ |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനിയോജ്യമായ പരീക്ഷണ നിരിക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പ ശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

പ്രവർത്തനം: 2

പേര് : □□□□□ □□□□□□□□ (□□□□□□□□ □□□□□□□□□□□) □□□□ □□□□□□

ഉപമേഘല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□□□□ □□□□□□□ |
|---|---|---|---|---|
| ശാസ്ത്ര പഠന താല്പര്യം വളർത്തുക,ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതൻ്റെ പ്രാധാന്യം മനസ്സിലാക്കുന്നതരത്തിൽപരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

# യു പി സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.<br>യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ആഗസ്റ്റ് | അക്ഷരച്ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രക്കഥകൾ<br>• ലഘു സംഭാഷണങ്ങൾ<br>• നിത്യജീവിതത്തി ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം , ICT | റിസോഴ്സ് അധ്യാപിക |
| 2.വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേര് | വീട്ടിൽ ഉപയോഗിക്കുന്നവസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• ICT സഹായത്തോടെ വസ്തുക്കളു വാക്കുകളും പരിശീലിക്കാനുള്ള | സെപ്തംബർ- ഒക്ടോബർ | സംസ്കൃതം നിലണ്ടു | |
| | | | | |

| | | | | |
|---|---|---|---|---|
| സംസ്കൃതത്തിൽ പഠിക്കുക) | അവസരം | | | |
| 3. വായനാ ലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക | 6മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | ക്ലബ് രൂപീകരണം<br>കലണ്ടർ നിർമ്മാണം<br>ഗൃഹസന്ദർശനം | ജൂൺ - മാർച്ച് | ചാർട്ട്, ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയാറാക്കൽ | ക്വിസ് മത്സരം നടത്തുന്നു, മാതൃകാ ചോദ്യപ്പേപ്പറുകൾ തയാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6. ആസ്വാദന ലോകം<br>ആസ്വാദന ശേഷി വർധിപ്പിക്കുവാൻ | നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു | 5മാസം | സംസ്കൃത ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

| പ്രവർത്തനം: 3<br>പേര് : ഉച്ചഭാഷണി വായന<br>ഉപമേഖല : വായന | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ[illegible] |
|---|---|---|---|---|
| അർത്ഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | [illegible] | ക്ലാസ് ടീച്ചർ | 1000 |

| **ലക്ഷ്യം** | | | | | |
|---|---|---|---|---|---|
| 1. സൃഷ്ടിപരമായ രചനാശേഷി വളർത്തുക. | * ചിത്രങ്ങൾ നൽകി അവയുമായി ബന്ധപ്പെട്ട് സ്വന്തം ഭാവനയിൽ കഥകൾ എഴുതാനും അത് ക്ലാസ്സിൽ അവതരിപ്പിക്കാനും ആവശ്യപ്പെടുക.<br>* ഒരു കഥയുടെ തുടക്കം മാത്രം നൽകി ബാക്കി ഭാഗം പൂർത്തിയാക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുക, അല്ലെങ്കിൽ ഒരു വിഷയം നൽകി കൂട്ടായി ചെയിൻ സ്റ്റോറി (തുടർച്ചയായി കഥ എഴുതൽ) നടത്തുക.<br>* ഒരു വിഷയത്തെ ആസ്പദമാക്കി ലഘു ലേഖനങ്ങൾ, അനുഭവക്കുറിപ്പുകൾ എന്നിവ എഴുതാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിമാസം | മലയാളം അധ്യാപകർ ചിത്രങ്ങൾ, പുസ്തകങ്ങൾ മാസികകൾ | PTA | |
| വിമർശനാത്മക ചിന്ത വളർത്തുക | * വായിക്കുന്ന പാഠഭാഗങ്ങളെക്കുറിച്ചോ വാർത്തകളെക്കുറിച്ചോ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുകയും, അതിൽ സ്വന്തം അഭിപ്രായങ്ങൾ പങ്കുവെക്കാൻ അവസരം നൽകുകയും ചെയ്യുക.<br>* ഒരു വിഷയത്തെക്കുറിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിക്കാൻ കുട്ടികൾക്ക് സംവാദങ്ങൾ സംഘടിപ്പിക്കുക. | പ്രതിമാസം | മലയാളം അധ്യാപകർ ചാർട്ട് ബോർഡ് | PTA | |
| പഴഞ്ചൊല്ലുകളും കടങ്കഥകളും പരിചയപ്പെടുത്തുക | * വീട്ടിലെ മുതിർന്നവരുമായി സംസാരിച്ച് പ്രാദേശികമായ പഴഞ്ചൊല്ലുകളും കടങ്കഥകളും ശേഖരിക്കാനും അവയുടെ അർത്ഥം കണ്ടെത്താനും ആവശ്യപ്പെടുക.<br>* ശേഖരിച്ച പഴഞ്ചൊല്ലുകളും കടങ്കഥകളും ക്ലാസ്സിൽ അവതരിപ്പിക്കുകയും അവയുപയോഗിച്ച് ചെറിയ | പ്രതിമാസം | മലയാളം അധ്യാപകർ ഫ്ലാഷ് കാർഡ് പുസ്തകങ്ങൾ | PTA | |

| | | | | | |
|---|---|---|---|---|---|
| | നാടകങ്ങളോ സംഭാഷണങ്ങളോ തയ്യാറാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക | | | | |
| മാധ്യമ സാക്ഷരത വളർത്തുക. | * പത്രങ്ങളിലെയും ടി.വി. വാർത്തകളിലെയും പ്രധാനപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുക.<br>* ഒരു വാർത്തയുടെ വിവിധ കാഴ്ചപ്പാടുകൾ ചർച്ച ചെയ്യുകയും, വാർത്തയുടെ സത്യാവസ്ഥയെക്കുറിച്ച് വിലയിരുത്താൻ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുക.<br>* കുട്ടികളെക്കൊണ്ട് ലഘുവായ റേഡിയോ പ്രോഗ്രാമുകളോ വാർത്താ ബുള്ളറ്റിനുകളോ തയ്യാറാക്കി അവതരിപ്പിക്കുക. | പ്രതിമാസം | മലയാളം അധ്യാപകർ പത്രങ്ങൾ മാസികകൾ | | |
| പ്രസംഗശേഷി വികസിപ്പിക്കുക | * ആഴ്ചയിൽ ഒരു തവണയോ അല്ലെങ്കിൽ രണ്ടാഴ്ചയിൽ ഒരു തവണയോ ഓരോ കുട്ടിക്കും പൊതുവായ ഒരു വിഷയത്തെക്കുറിച്ച് ക്ലാസ്സിൽ സംസാരിക്കാൻ അവസരം നൽകുക (ഉദാ: എന്റെ ഇഷ്ട വിനോദം, എന്റെ സ്കൂൾ).<br>* പ്രധാനപ്പെട്ട ദിനാചരണങ്ങളിൽ പ്രസംഗങ്ങൾ തയ്യാറാക്കാനും അത് അസംബ്ലിയിലോ ക്ലാസ്സിലോ അവതരിപ്പിക്കാനും പ്രോത്സാഹിപ്പിക്കുക. | പ്രതിവർഷം | മലയാളം ക്ലബ്ബ് ICT | PTA | |

പ്രവർത്തനം: 3

പേര് : ഉച്ചഭാഷണി വായന

ഉപമേഘല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ□□□□□□□□ □ □□□□□□□□ |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | □□□ □□□□□ □□□□□□□□ □□□ | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കാനും അവസരം നൽകുന്നു | Breaking News<br>ഇംഗ്ലീഷ് ർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു<br><br>English Assembly<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.<br><br>ആശയം നൽകി ഇംഗ്ലീഷിൽ ഏക അഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | June<br><br>Alternative weeks<br><br>August<br><br>September | English teacher<br><br>Class teacher<br><br>English teacher<br><br>English teacher | English club<br><br>SRG<br><br>PTA<br><br>English club |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ നടത്താൻ പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഫിലിം പ്രദർശനം<br><br>വിവിധ കളികളിലൂടെ ഇംഗ്ലീഷിനോടുള്ള പേടി മാറ്റുന്നു | Every month<br><br>Every day | English club<br><br>English teacher | English club<br><br>SRG |

## യു.പി ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | ചുമതല |
|---|---|---|---|---|---|
| 1 | യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | *അക്ഷരം എഴുത്ത്<br>*ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷ കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>*ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>*വാക്കുകൾ എഴുതിയ cardകൾ<br>*വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷര ചാർട്ട്<br>പാഠപുസ്തകം | BRC<br>DIET |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | September to October | ഹിന്ദി നിഘണ്ടു | PTA<br>BRC |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം | *ദിനാചരണങ്ങൾ<br>*അധിക വായന സാമഗ്രികൾ *വായനാ മൂല<br>*ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November To February | പുസ്തകങ്ങൾ | BRC<br>PTA |

## യു.പി സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഭൗതിക പിന്തുണ |
|---|---|---|---|---|---|---|
| 1 | ശാസ്ത്ര കഴിവുകളെ അപ്ഡേറ്റ് ചെയ്യൽ | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് പഴയകാല ഉപകരണങ്ങൾ കോട്ടകൾ മ്യൂസിയങ്ങൾ എന്നിവയുടെ ഐസിടി പ്രദർശനം ബുള്ളറ്റ് ബോർഡ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരിക്കൽ | S S club | ICT, News Paper, Library books etc.. | PTA |
| 2 | കേരളത്തിലെ ജില്ലകളും ഇന്ത്യൻ സംസ്ഥാനങ്ങളും ഉറപ്പിക്കൽ | പസിൽ,ജില്ലാ പാട്ടുകൾ, ക്വിസ്, ചാർട്ട് പ്രദർശനം | മാസത്തിൽ ഒരിക്കൽ | അധ്യാപകർ | | |
| 3 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെന്റിൽ പങ്കാളിയാകുന്നു മാതാപിതാക്കളോടൊപ്പം ഗ്രാമസഭ വാർഡ്സഭ എന്നിവ സന്ദർശിക്കാൻ അവസരം നൽകുന്നു | | | | |
| 5 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ | ഉച്ചഭക്ഷണ വിതരണം | പ്രതിദിനം | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>പരീക്ഷണ കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു | ജൂൺ | ശാസ്ത്ര അധ്യാപകർ | രക്ഷിതാക്കൾ |
| 2 | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക | ശാസ്ത്ര ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നു | ജൂലൈ | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | | ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | | ശാസ്ത്ര മാസികകൾ സംഘടിപ്പിച്ച വായിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു | ശാസ്ത്രകാരന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു | | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |

| യു പി ഗണിതം | |
|---|---|
| | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്,മുത്തുകൾ, working model etc ) | ജൂൺ മാസം | ഗണിത അധ്യാപകർ |
| രസകരമായ ഗണിതശാസ്ത്രപഠനവും ചലനശേഷികളുടെ വികാസവും | ജ്യാമിതീയ ശിൽപശാല<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിവിധ തരം ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു | ജൂലൈ | ഗണിത അധ്യാപകൻ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ ടി സാധ്യതകളിലൂടെ<br>സമാന്തര വരകൾ,വൃത്തം, കോണുകൾ എന്നിവയിൽ ഈ പാഠഭാഗത്തിലെ IT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ജൂലൈ | ഗണിത അധ്യാപകൻ |
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കാൻ | പഠന സാമഗ്രികളുടെ നിർമ്മാണം | ആവശ്യാനുസരണം | ഗണിത അധ്യാപകൻ |
| ഗണിതം മധുരമാക്കൽ | ഒറിഗാമി, ടാൻഗ്രാം, ഇവയുടെ പ്രവർത്തങ്ങളും പ്രദർശനവും | സെപ്റ്റംബർ | ഗണിത അധ്യാപകൻ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പരിശീലനം നൽകുന്നു | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകൻ |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട | ആവശ്യാനുസരണം | SRG |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു | | |

# ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചന - മലയാളഭാഷ പ്രാവീണ്യം നേടൽ | കുട്ടികളുടെ സർഗാത്മക രചനകളുടെ തയ്യാറാക്കൽ | ദിവസവും /ആഴ്ചയിലും | ഭാഷാധ്യാപകർ | |
| അക്ഷരം ഉറപ്പിക്കൽ - എഴുത്തും വായനയും എളുപ്പമാക്കൽ | അക്ഷരം ഉറപ്പിക്കുവാനുള്ള അധിക ക്ലാസ് | ദിവസവും | ഭാഷാധ്യാപകർ | |
| ഗ്രന്ഥശാല നവീകരണം - ഭാഷാശേഷികളുടെ വികസനം | വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ പ്രവർത്തനങ്ങൾ ജന്മദിനത്തിൽ ഒരു പുസ്തകം /പുസ്തകം ക്രമീകരിക്കൽ/കാറ്റലോഗ്/ വിതരണ രജിസ്റ്റർ എന്നിവ പരിചയപ്പെടൽ | ആഴ്ചയിൽ ഒരു ദിവസം | ലൈബ്രറിയുടെ ചുമതലയുള്ള ടീച്ചർ /ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| ദിനാചരണങ്ങൾ - വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങൾ നിശ്ചിത ദിവസങ്ങളിൽ അസംബ്ലിയിൽ സംഘടിപ്പിക്കുന്നു | നിശ്ചിത ദിവസങ്ങളിൽ | ഭാഷാധ്യാപകർ /ക്ലാസ് അധ്യാപകർ | PTA |
| കവി പരിചയം - കവികളെയും കൃതികളെയും പരിചയപ്പെടൽ | പാഠപുസ്തകത്തിൽ പരാമർശിക്കുന്നതും അല്ലാത്തതുമായപ്രധാന എഴുത്തുകാരുടെജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. | ഒരു വർഷം | ഭാഷാധ്യാപകർ | |
| രചനാനൈപുണികളുടെ വികാസം - സർഗാത്മക രചനകളിൽ | പൊതു രചനകൾ വായിക്കുവാൻ അവസരം നൽകുന്നു രചനാശില്പശാലകൾ | രണ്ടാഴ്ചയിൽ ഒരിക്കൽ | ബഡ്ഡിംഗ് റൈറ്റേഴ്സ് /വിദ്യാരംഗം | |
| | സംഘടിപ്പിക്കുന്നു | | | |

| | | | | |
|---|---|---|---|---|
| ഏർപ്പെടാൻ അവസരം ഒരുക്കൽ | | | കലാസാഹിത്യ വേദി | |

# ഹൈസ്കൂൾ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| *എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ-നിർമ്മാണം | June - July | ഹിന്ദി അധ്യാപകർ | പിടിഎ,<br>സ്പോൺസർഷിപ്പ് |
| *ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം.<br>(സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ-ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അ-ിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ | ആവശ്യാനുസരണം | | |

| | | | | |
|---|---|---|---|---|
| | • വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | | | |

| AIM | ACTIVITIES | TIME | COORDINATORS | FINANCIAL ANALYSIS |
|---|---|---|---|---|
| 1.To improve students communication skills. | *Group Discussions,Role Play | June | English Teachers | English Club |
| | *English Assemby | Alternate Weeks | English Teachers | English Club |
| | *Show videos based on the lesson | Academic Year | English Teachers | English Club |
| 2.To cultivate a reading culture among students | | | | |
| | *English Library Hour | Alternate Weeks | English Teachers | |
| | *News Reading Competition | | | English Club |
| 3.To develop listening and comprehension skills | | | | |
| | *English Film Screening | Monthly | English Teachers | PTA |
| | *Listening Audios | | | |
| 4.To encourage collaborative and integrated learning | | | | |
| 5.To identify and nurture writing talents | *English Fest | Academic Year | English Teachers | Englsh Club,SRG |
| | *Magazine | Academic Year | English Teachers | English Club,SRG |

| | | | | |
|---|---|---|---|---|
| | | | | |

## ഹൈസ്കൂൾ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക സസ്യ സംരക്ഷണം | ഔഷധസസ്യങ്ങൾ, ചെടികൾ, പച്ചക്കറികൾ ഇവ കണ്ടെത്തി നട്ടു വളർത്തുന്നു. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ആക്കുന്നു | അക്കാദമിക വർഷം | ഹരിത ക്ലബ്ബ്, സയൻസ് ക്ലബ്ബ് | കൃഷി വകുപ്പ് |
| ശാസ്ത്ര വിസ്മയം -കൗതുകം , നിരീക്ഷണ പാടവം ഇവ പരിപോഷിപ്പിക്കൽ | ലഘുപരീക്ഷണങ്ങൾ കാണിക്കൽ, പഠനോപകരണങ്ങൾ നിർമ്മാണം, പാഠവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ക്ലബ് , സയൻസ് അധ്യാപകർ | PTA |
| ശാസ്ത്രലോകം - നിരന്തരമായി അന്വേഷണം നടത്തുകയും വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി കൈവരിക്കുക | ശാസ്ത്ര ശിൽപ്പശാല സംഘടിപ്പിക്കുക, ശാസ്ത്ര ക്വിസ് മത്സരം നടത്തുക, സെമിനാറുകൾ നടത്തുക | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ അധ്യാപകർ |
| ലിറ്റിൽ സൈന്റിസ്റ്റ് - മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക, ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം , യുക്തിചിന്ത ഇവ വളർത്തുക | സയൻസ് ലാബ് , ഐടി ലാബ് ഇവ ആധുനികവൽക്കരിക്കുക നിത്യജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | മാനേജ്മെൻ്റ്, PTA |

# ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രവ ബോധമുള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>വയൽ കിളികൾ : സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തി ലെ തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിഎടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തി ലെ തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്റ്റാർട്ട് അപ്പ് : സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശക്കാഴ്ചകൾ കൗതകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ പ്രൊജക്റ്റ്, ചർച്ചകൾ സംവാദം,ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര |
| ഭൂപട വായന കുട്ടികളിൽ വളർത്തുക, | പട്ടുപാതയിലൂടെ : ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര |

| | | | |
|---|---|---|---|
| സ്ഥലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | സഹായിക്കുന്നു ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു അറ്റ്ലസ്,മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | മൈ സിനിമാ റൂം : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുക,ദിനാചരണങ്ങൾ,പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ചു കൂടുതൽ വ്യക്തമായ ധാരണ നൽകുക,വീഡിയോ പ്രദർശനം പ്രോജക്ട് റൂം ect സിനിമ ( ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൊട്ടാരം: വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം.കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ--- | വിവിധതരം ക്ലാസ്തല പ്രവർത്തനങ്ങളിലൂടെ ഗണിതത്തിൽ പിന്നോ ക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആശയരൂപികരണം ഉറപ്പിക്കുന്ന പ്രവ ർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകർ | -അധ്യാപകർ |
| ക്ലബ് രൂപികരണം --- | താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലബ് രൂപികരിക്കുന്നു . -- | അക്കാദമിക വർഷം | അധ്യാപകർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| ക്ലബ് പ്രവർത്തനങ്ങൾ | * Geogebra പരിശീലനം<br>* ഗണിതമേള സംഘടിപ്പിക്കുന്നു<br>* ഗണിത ശാസ്ത്രജ്ഞരെ പരിചയ്പ്പെടുത്തുന്നു. അവരുടെ സംഭാവനകൾ നോട്ടീസ് ബോർഡിൽ പ്രദർശിച്ചിക്കുന്നു<br>* ഗണിത ക്വിസ് സംഘടിപ്പിക്കുന്നു<br>* പ്രകൃതിയിലെ ഗണിതം എന്ന വിഷയവുമായി ബന്ധപ്പെട്ട് Photo ശേഖരണം --- | അക്കാദമിക വർഷം | ഗണിത ക്ലബ്, അധ്യാപകർ | രക്ഷിതാകൾ, അധ്യാപകർ |
| സ്കൂൾതല മത്സരങ്ങൾ--- | വിവിധ ഇനങ്ങളിലേ ക്കുള്ള മത്സരാർത്ഥി കളെ കണ്ടെത്തുന്ന തീനായി സ്കൂൾതല മത്സരങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | ഗണിത ക്ലബ് | PTA |

## <u>ഹൈസ്കൂൾ കലാ വിദ്യാഭ്യാസം</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| · ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാശൈലികളുടെ പരിചയപ്പെടൽ<br>· വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസിലാക്കൽ<br>· പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം | · വാർലി ചിത്രപ്രദർശനം<br>· കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു.<br>· ജൂൺ:05 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഒരുമിച്ച് ക്യാൻവാസിൽ പ്രകൃതി - ചിത്രങ്ങൾ വരയ്ക്കുന്നു. | ജൂൺ | ക്ലാസ്സ് :09<br>·<br>ക്ലാസ്സ് :08 |
| · പ്രശസ്ത ചിത്രകലാ പ്രതിഭകളെ പരിചയപ്പെടുന്നു | · ജൂലൈ :29 വാൻഗോഗ് ഓർമ്മദിനം<br>· ജൂലൈ: 31 കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം<br>ഈ ദിനങ്ങളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ | ജൂലൈ | ക്ലാസ് 08,09 |
| · വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം, പ്രധാന ചരിത്ര സംഭവങ്ങൾ എന്നിവ മനസ്സിലാക്കൽ,<br>· സംഘ അവതരണത്തിലടെ 'ഒരുമയോടെ എങ്ങനെ പ്രവർത്തിക്കാം' എന്ന ആശയം മനസിലാക്കുന്നു | · സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾ നിശ്ചലദൃശ്യങ്ങൾ ഗ്രൂപ്പായി അവതരിപ്പിക്കുന്നു. | ആഗസ്റ്റ് | ക്ലാസ് 08,09 |
| · അധ്യാപകർ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയൽ | സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരോടൊത്തുള്ള ക്ലാസ് റൂം രംഗങ്ങൾ പെൻസിൽ ഡ്രോയിങ് ചെയ്ത് പ്രദർശിപ്പിക്കുന്നു. | സെപ്റ്റംബർ | ക്ലാസ് 08,09 |

| | | | |
|---|---|---|---|
| · പ്രശസ്ത ഇന്ത്യൻ വ്യക്തിത്വങ്ങളെ പരിചയപ്പെടൽ | ഒക്ടോബർ 02 : ഗാന്ധി ജയന്തി, രാജാ രവിവർമ്മ സ്മൃതിദിനം<br>· ഗാന്ധിജിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രീകരണം കുട്ടികൾപ്രദർശിപ്പിക്കുന്നു<br>· രാജാരവിവർമ്മയും അദ്ദേഹത്തിന്റെ ചിത്രങ്ങളും പ്രസന്റേഷനായി അവതരിപ്പിക്കുന്നു | ഒക്ടോബർ | ക്ലാസ് 08,09 |
| · തനത് പ്രദേശത്ത് നിലനിൽക്കുന്ന കേരളീയ സാംസ്കാരികതയെ തിരിച്ചറിയൽ | കേരളപ്പിറവിയോട് അനുബന്ധിച്ച് നമ്മുടെ നാട്ടിലെ വിവിധ പ്രദേശങ്ങളിൽ നാടൻപാട്ടുകളുടെ അവതരണം | നവംബർ | ക്ലാസ് 08,09 |
| · ഊർജ്ജ സംരക്ഷണത്തിന് ആവശ്യകത മനസ്സിലാക്കൽ | ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച്, പോസ്റ്റർ നിർമ്മാണം | ഡിസംബർ | ക്ലാസ് 08,09 |
| · സൗന്ദര്യത്മകമായും താളാത്മകമായും വിവിധ രീതിയിലുള്ള എഴുത്തുകൾ പരിശീലിക്കൽ | ജനുവരി 23: ദേശീയ കൈയ്യക്ഷര ദിനത്തോടനുബന്ധിച്ച് 'കലിഗ്രഫി' വർക്ഷോപ്പ് | ജനുവരി | ക്ലാസ് 08,09 |
| · കൂട്ടായി പ്രവർത്തിക്കുന്നതിന്റെയും ദൃശ്യമാധ്യമ സാങ്കേതികവിദ്യൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നുമുള്ള മനസ്സിലാക്കൽ<br>· കവിത ആസ്വാദനശേഷി വർദ്ധിപ്പിക്കൽ | · ഫെബ്രുവരി 11 'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാദിനത്തോട്'അനുബന്ധിച്ച് കുട്ടികൾ ഗ്രൂപ്പായി ഷോർട്ട് ഫിലിം നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.<br>· ഫെബ്രുവരി 13 ഒഎൻവി കുറുപ്പ് ഓർമ്മ ദിനത്തോടനുബന്ധിച്ച് ഒഎൻവി കവിതകളുടെ ആലാപനവും നൃത്താവിഷ്കാരവും | ഫെബ്രുവരി | ക്ലാസ് 08,09 |

# ഹൈസ്കൂൾ ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഫുട്ബോ ൾ ടീം രൂപീകരണം | ഫുട്ബോൾ ക്യാമ്പ് പരിശീലനം | 1 വർഷം | കായിക അധ്യാപകൻ |
| കബഡി ടീം രൂപീകരണം | കബഡി ക്യാമ്പ് പരിശീലനം | 1 വർഷം | കായിക അധ്യാപകൻ |
| ബാസ്കറ്റ്ബോൾ ടീം രൂപീകരണം | ബാസ്ക്കറ്റ്ബോൾ ക്യാമ്പ് പരിശീലനം | 1 വർഷം | കായിക അധ്യാപകൻ |
| | അത്‌ലറ്റിക്സ് ടീം സെലക്ഷനും പരിശീലനവും | 1 വർഷം | കായിക അധ്യാപകൻ |
| | സ്കൂൾ സ്പോർട്സ് ഡേ | ആഗസ്റ്റ് 1 | കായിക അധ്യാപകൻ |

# ഉപസംഹാരം

സെൻ്റ് മൈക്കിൾസ്, കാവിൽ ഹൈസ്കൂളിലെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് .സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായി പ്രവർത്തികമാക്കുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട് വിദ്യാഭ്യാസ ലക്ഷ്യങ്ങൾ, ഭൗതിക സൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം എന്നിവ ഏകോപിപ്പിച്ച് വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാക്കാൻ ഈ മാർഗ്ഗരേഖ പ്രചോദനമാകട്ടെ.

***************************************************************************